(സി) ആധുനിക രീതിയിലുള്ള വൈദ്യുതി ശ്മശാനങ്ങളും വാതക ഇന്ധനം ഉപയോഗിച്ചുമുള്ള ശ്മശാനങ്ങളുമാണ് ഗ്രാമപഞ്ചായത്തുകളിൽ നിർമ്മിക്കാനുദ്ദേശിക്കുന്നത്. മൃതദേഹങ്ങൾ ശാസ്ത്രീയമായി ദഹിപ്പിക്കാനുള്ള സംവിധാനം ഒരുക്കിയെടുക്കുന്നതിനും മലിനീകരണമുണ്ടാക്കാത്ത രീതിയിൽ അവ ദഹിപ്പിക്കുന്നതിനും ഇതിലൂടെ സാധ്യമാകും.

(ഡി) 2014-15 സാമ്പത്തിക വർഷത്തിൽ പൊതുശ്മശാന നിർമ്മാണ ധനസഹായമായി ഒരു ഗ്രാമപഞ്ചായത്തിന് 20 ലക്ഷം രൂപ വീതം 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മിഷൻ 676 പദ്ധതിയിലുൾപ്പെടുത്തി 5 ഗ്രാമ പഞ്ചായത്തുകളിൽ മാതൃകാ വാതക ഇന്ധന ശ്മശാനങ്ങൾ നിർമ്മിക്കുന്നതാണെന്ന് 30-4-2014-ലെ മന്ത്രിസഭാ നടപടിക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ കരിമണ്ണൂർ, കൂത്താട്ടുകുളം, കുണ്ടറ, മടവൂർ, പാവറട്ടി, മണലൂർ എന്നീ ഗ്രാമപഞ്ചായത്തുകളെ വാതക ഇന്ധന ശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

വികസന ബ്ലോക്കുകളുടെ പുനഃക്രമീകരണം

9 (*699) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വികസനബ്ലോക്കുകൾ പുനഃക്രമീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) അർഹതപ്പെട്ട സ്ഥലങ്ങളിൽ കൂടുതൽ ബ്ലോക്ക് ഓഫീസുകൾ അനുവദിക്കുന്നതിനും അവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും ഊർജ്ജിതമായ പരിപാടികൾ നടപ്പിലാക്കുന്നതിനുമായി എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) വിവിധ സ്രോതസ്സുകളിൽനിന്നും ലഭിക്കുന്ന ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുവാനും അതുവഴി ഗ്രാമപ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുമായി ഗ്രാമ വികസന ബ്ലോക്കുകൾ നിയമസഭാ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ക്രമപ്പെടുത്തുന്ന വിഷയം വിശദമായി പഠിച്ച് പഞ്ചായത്ത്രാജ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി) ഈ വിഷയത്തിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly